## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗര ഗ്രാമാസൂത്രണ വകുപ്പ് -സീനിയർ ടൗൺ പ്ലാനർ ശ്രീ പ്രശാന്ത് എച്ച്. - തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറി തസ്തികയിൽ അനുവദിച്ച അന്യത്ര സേവന കാലാവധി അവസാനിപ്പിക്കുന്നത് - സീനിയർ ടൗൺ പ്ലാനറായ ശ്രീമതി.ഷിജി. ഇ.ചന്ദ്രൻ ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറിയായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ)നം 3125/2018/തസ്വഭവ തീയതി, തിരുവനന്തപുരം : 12/12/2018

---

പരാമർശം : 1) 22.01.2013 ലെ സ.ഉ.(പി) നം.45/2013/ധന നമ്പർ ഉത്തരവ് .

2) 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ .

3) 28.11.2013 ലെ സ.ഉ.(പി) നം.580/2013/ധന നമ്പർ ഉത്തരവ് .

4) 8.11.2017 ലെ സ.ഉ.(സാധാ) നം.3713/2017/ത.സ്വ.ഭ.വ.

5) മുഖ്യ നഗരാസൂത്രകന്റെ 01.12.2018 തീയതിയിലെ എ 3 /10017/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നഗര ഗ്രാമാസൂത്രണ വകുപ്പിൽ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ പ്രശാന്ത് എച്ച്. എന്ന ജീവനക്കാരനെ സീനിയർ ടൗൺ പ്ലാനറായി സ്ഥാനക്കയറ്റത്തോടുകൂടി തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറി തസ്തികയിൽ പരാമർശം നാലിലെ ഉത്തരവ് പ്രകാരം നിയമിച്ചിരുന്നു. ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മാതൃവകുപ്പിലേയ്ക്ക് തിരികെ നിയമിക്കണമെന്ന ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്ന് മുഖ്യ നഗരാസൂത്രകൻ പരാമർശം അഞ്ചിലെ കത്തു മുഖേന സർക്കാരിനെ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറി തസ്തികയിൽ ശ്രീ.എച്ച് പ്രശാന്ത് എന്ന ജീവനക്കാരന് അനുവദിച്ച അന്യത്ര സേവന കാലാവധി അവസാനിപ്പിച്ച് ടിയാനെ മാതൃ വകുപ്പിൽ നിയമിക്കുന്നതിനും അവിടെ നിന്നും സീനിയർ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി.ഷിജി. ഇ.ചന്ദ്രൻ എന്ന ജീവനക്കാരിയെ തിരുവനന്തപുരം വികസന അതോറിറ്റിയിൽ സെക്രട്ടറിയായി ഒരു വർഷത്തേക്ക് നിലവിലെ അന്യത്ര സേവന വ്യവസ്ഥപ്രകാരം നിയമിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

മുഖ്യ നഗരാസൂത്രകൻ തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

ശ്രീ പ്രശാന്ത് എച്ച്, സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ശ്രീമതി.ഷിജി. ഇ.ചന്ദ്രൻ, സീനിയർ ടൗൺ പ്ലാനർ, മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം,തിരുവനന്തപുരം

ത.സ്വ.ഭ. (ഐ.എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ